ക്രിസ്തുമസ് ആശംസകൾ

2024 DECEMBER
25
WEDNESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper





## പ്രത്യാശയുടെ വിശുദ്ധ വാതിൽ തുറന്നു; വിശുദ്ധ വർഷാഘോഷത്തുടക്കമായി

**വത്തിക്കാൻ സിറ്റി:** ക്രിസ്മസ് കുർബാനമധ്യേ ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ വാതിൽ തുറന്നതോടെ കത്തോലിക്കാ സഭയുടെ മഹാജൂബിലി വിശുദ്ധവർഷാഘോഷങ്ങൾക്ക് തുടക്കമായി. 2026 ജനുവരി 6 വരെ നീളുന്ന വിശുദ്ധ വർഷാചരണത്തിൽ ഇവിടേക്ക് വിശ്വാസികൾക്ക് തീർഥാടനം നടത്താം. പൂർണ ദണ്ഡവിമോചനം (പാപമുക്തി) ലഭിക്കുന്ന തീർഥാടനമാണിത്. ഈ കാലയളവിൽ 3.22 കോടി തീർഥാടകർ എത്തുമെന്നു പ്രതീക്ഷിക്കുന്നു. ജയിലിൽ കഴിയുന്നവരോട് പ്രത്യേക ആഭിമുഖ്യം കാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പ അവർക്ക് പ്രതീക്ഷയുടെ സന്ദേശം നൽകുന്നതിനായി റോമിലെ റെബിബിയ ജയിലിൽ നാളെ മറ്റൊരു വിശുദ്ധ വാതിൽ കൂടി തുറക്കും. കത്തോലിക്കാ സഭയിൽ 1300 ൽ ആണ് വിശുദ്ധ വർഷാചരണം ആരംഭിച്ചത്. ഇപ്പോൾ എല്ലാ 25 വർഷം കൂടുമ്പോൾ വിശുദ്ധ വർഷം ആചരിക്കുന്നു. വിശുദ്ധ വർഷം വത്തിക്കാനിലേക്കു നടത്തുന്ന തീർഥാടനം പൂർണ ദണ്ഡവിമോചനം ലഭിക്കുന്നതായതിനാൽ തീർഥാടകരുടെ എണ്ണത്തിൽ ഓരോ തവണയും വൻ വർധനയുണ്ട്.

# ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കുള്ള സാമ്പത്തിക ഉത്തേജന പദ്ധതി ;ഇന്ത്യൻ മരുന്ന് നിർമ്മാണക്കമ്പനികൾ കുതിയ്ക്കുന്നു

**മുംബൈ:** ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കമ്പനികൾക്ക് സാമ്പത്തിക ഉത്തേജനം നൽകുന്ന മോദിയുടെ പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ മരുന്ന് നിർമ്മാണക്കമ്പനികൾ കുതിയ്ക്കുന്നുവെന്ന് റിപ്പോർട്ട്. വില കൂടിയതും ഉയർന്ന മൂല്യമുള്ളതുമായ അർബുദരോഗത്തിനുള്ള മരുന്ന്, ബയോ ഫാർമസ്യൂട്ടിക്കൽസ്, സങ്കീർണ്ണമായ ജനറിക് മരുന്നുകൾ, ഹൃദ്രോഗത്തിനുള്ള മരുന്നുകൾ, ഓട്ടോ ഇമ്മ്യൂൺ രോഗങ്ങൾക്കുള്ള മരുന്നുകൾ എന്നീ മേഖലകളിലാണ് വലിയ ഉണർവ്വ് ഉണ്ടായിരിക്കുന്നത്.





ഈ മേഖലയിൽ കമ്പനികൾ സർക്കാർ സഹായത്തോടെ 17,275 കോടി നിക്ഷേപിക്കുമെന്നാണ് കരുതിയിരുന്നതെങ്കിലും അതിന്റെ ഇരിട്ടിയധികം തുക നിക്ഷേപിച്ചു. ഏകദേശം 33,344 കോടി രൂപയാണ് കമ്പനികൾ നിക്ഷേപിച്ചത്. കയറ്റുമതി വിൽപന 1.44 കോടി കൈവരിച്ചു. ആകെ വിൽപന 2.26 കോടി നേടി. ഈ രംഗത്ത് ഇന്ത്യയുടെ ഉൽപാദനശേഷി വർധിപ്പിക്കുകയാണ് കേന്ദ്രസർക്കാർ നൽകുന്ന സാമ്പത്തിക ഉത്തേജനത്തിന്റെ ലക്ഷ്യം.

മരുന്ന് നിർമ്മാണ രംഗത്ത് ഇന്ത്യയിൽ നിന്നും ആഗോള മരുന്ന് നിർമ്മാണ കമ്പനികളെ സൃഷ്ടിക്കുകയാണ് ആത്മനിർഭർ പദ്ധതി അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഉത്തേജന പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി മരുന്ന് നിർമ്മാണക്കമ്പനികൾക്ക് പുതിയ സാങ്കേതിക വിദ്യകളും ആഗോള തലത്തിലുള്ള ഉൽപന്നങ്ങളുടെ മൂല്യങ്ങളെക്കുറിച്ചുള്ള അറിവും നൽകും. 2021ൽ മരുന്ന് നിർമ്മാണക്കമ്പനികൾക്കുള്ള സാമ്പത്തിക ഉത്തേജന പദ്ധതി ആരംഭിച്ചു.

## ചാംപ്യൻസ് ട്രോഫി മത്സരക്രമമായി; ഉദ്ഘാടന മത്സരം ഫെബ്രുവരി 19ന്, ഇന്ത്യ പാക്ക് മത്സരം 23ന്

**ദുബായ്:** 2025 ചാംപ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിന്റെ മത്സരക്രമം പ്രഖ്യാപിച്ചു. ഫെബ്രുവരി 19 ന് കറാച്ചിയിൽ ഉദ്ഘാടന മത്സരത്തിൽ പാക്കിസ്ഥാൻ ന്യൂസീലൻഡിനെ നേരിടും. ഫെബ്രുവരി 20 നാണ് ഇന്ത്യയുടെ ആദ്യ മത്സരം. ബംഗ്ലദേശാണ് എതിരാളികൾ. 23 നാണ് ആരാധകർ കാത്തിരിക്കുന്ന ഇന്ത്യ പാക്കിസ്ഥാൻ മത്സരം. ഇന്ത്യയുടെ മത്സരങ്ങളെല്ലാം ദുബായിലാണ് നടക്കുക. എട്ടു ടീമുകളാണ് പങ്കെടുക്കുക. മാർച്ച് 4, 5 തീയതികളിലാണ് സെമി ഫൈനലുകൾ. മാർച്ച് 9 നാണ് ഫൈനൽ. ഇന്ത്യ ഫൈനലിലെത്തിയാൽ ദുബായിലും അല്ലെങ്കിൽ ലഹോറിലുമാണ് ഫൈനൽ. അന്ന് മത്സരം നടന്നില്ലെങ്കിൽ 10 ആണ് റിസർവ് ദിനം.

## ആരിഫ് മുഹമ്മദ് ഖാൻ ബിഹാറിലേക്ക്; രാജേന്ദ്ര വിശ്വനാഥ് ആർലെകർ കേരള ഗവർണർ

**ന്യൂഡൽഹി:** കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലെകറെ നിയമിച്ചു. ആരിഫ് മുഹമ്മദ് ഖാൻ ബിഹാർ ഗവർണറാകും. നിലവിൽ ബിഹാർ ഗവർണറാണ് ആർലെകർ. മറ്റ് 3 സംസ്ഥാനങ്ങളിലെ ഗവർണർമാർക്കും മാറ്റമുണ്ട്. ഒഡിഷ, മിസോറം, മണിപ്പുർ എന്നീ സംസ്ഥാനങ്ങളിലാണ് പുതിയ ഗവർണർമാരെ നിയമിക്കുന്നത്. സംസ്ഥാന സർക്കാരുമായി വിവിധ വിഷയങ്ങളിൽ അഭിപ്രായ ഭിന്നത തുടരുന്നതിനിടെയാണ് ആരിഫ് മുഹമ്മദ് ഖാന്റെ മാറ്റം. 2019 സെപ്റ്റംബർ 6ന് കേരള ഗവർണറായി ചുമതലയേറ്റ ആരിഫ് മുഹമ്മദ് ഖാൻ, രണ്ടു പിണറായി സർക്കാരുകളുടെ കാലത്തായി അഞ്ചുവർഷവും സർക്കാരുമായി നേരിട്ടുള്ള പോരാട്ടത്തിലായിരുന്നു. ഗോവ സ്വദേശിയായ ആർലെകർ നേരത്തെ ഹിമാചൽ പ്രദേശ് ഗവർണറായും ഗോവയിൽ വനം പരിസ്ഥിതി മന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാറ്റുന്നതിൽ മുഖ്യ പങ്കുവഹിച്ചത് ആർലെകറാണ്. 2015ൽ വനം പരിസ്ഥിതി മന്ത്രിയായും ചുമതലയേറ്റു. 2021 ജൂലൈ 6നാണ് അദ്ദേഹം ഹിമാചൽ പ്രദേശ് ഗവർണറായത്.

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY

ക്രിസ്തുമസ് പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ (വ്യാഴം) പത്രം ഉണ്ടായിരിക്കുന്നതല്ല






# 30 സ്മാർട്ട് അങ്കണവാടികൾ കൂടി യാഥാർത്ഥ്യമായി

## സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്ത് പ്രവർത്തസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മട്ടന്നൂരിൽ വച്ച് ഡിസംബർ 26 വ്യാഴാഴ്ച വൈകുന്നേരം 4.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ. സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, രജിസ്ട്രേഷൻ, പുരാവസ്തു, മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർ മുഖ്യാതിഥികളാകും. എം.പി.മാരായ കെ. സുധാകരൻ, ഷാഫി പറമ്പിൽ, രാജ്മോഹൻ ഉണ്ണിത്താൻ, എം.എൽ.എ.മാരായ എം.വി. ഗോവിന്ദൻ മാസ്റ്റർ, കെപി മോഹനൻ, സണ്ണി ജോസഫ്, സജീവ് ജോസഫ്, ടി.കെ. മധുസൂദനൻ, എം. വിജിൻ, കെ.വി. സുമേഷ് മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

നിലവിൽ 189 സ്മാർട്ട് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അതിൽ 87 അങ്കണവാടികളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ 30 സ്മാർട്ട് അങ്കണവാടികളാണ് ഇപ്പോൾ പ്രവർത്തനസജ്ജമായത്. ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ യാഥാർത്ഥ്യമായി. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നതായും മന്ത്രി വ്യക്തമാക്കി.പ്രാരംഭ ശൈശവ കാല സംരക്ഷണം നൽകുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികസനത്തിനുമായി ശിശു സൗഹൃദപരമാക്കുന്നതിന്റെ ഭാഗമായാണ് അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കിയത്. ഒന്നാം ക്ലാസിന് മുമ്പ് കുട്ടികൾ എത്തുന്ന ഇടമാണ് അങ്കണവാടികൾ. അതനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യത്തിലും കരിക്കുലത്തിലും വലിയ മാറ്റങ്ങൾ വരുത്തി. സ്ഥല പരിമിതി അനുസരിച്ച് 10, 7.5, 5, 3, 1.25 സെന്റുകളുള്ള പ്ലോട്ടുകൾക്ക് അനുയോജ്യമായാണ് സ്മാർട്ട് അങ്കണവാടികൾ രൂപകല്പന ചെയ്തിരിക്കുന്നത്. കുഞ്ഞുങ്ങളുടെ ഭാവിയുടെ സമഗ്ര വികാസം ഉറപ്പാക്കിയാണ് സ്മാർട്ട് അങ്കണവാടികളിൽ സൗകര്യങ്ങളൊരുക്കിയിട്ടുള്ളത്. പഠനമുറി, വിശ്രമമുറി, ഭക്ഷണ മുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, ഹാൾ, പൂന്തോട്ടം തുടങ്ങിയ സൗകര്യങ്ങളുമുണ്ടാകും. വനിതശിശുവികസന വകുപ്പ്, ആർകെഐ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ. എന്നീ ഫണ്ടുകൾ സംയുക്തമായി വിനിയോഗിച്ചാണ് സ്മാർട്ട് അങ്കണവാടികൾ പൂർത്തിയാക്കിയത്.

## കുസാറ്റിൽ ഇന്റർനാഷണൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷൻ അന്താരാഷ്ട്ര സമ്മേളനം ഡിസംബർ 27 മുതൽ 31 വരെ

**കൊച്ചി:** ഡിസംബർ 27 മുതൽ 31 വരെ നടക്കുന്ന ഇന്റർനാഷണൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷന്റെ അന്താരാഷ്ട്ര സമ്മേളനത്തിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ആതിഥേയത്വം വഹിക്കും. ലോകമെമ്പാടുമുള്ള, പ്രധാനമായും ഇന്ത്യയിലെ, വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള കോൺഫറൻസിൽ നാല് പ്ലീനറി സെഷനുകൾ, ആറ് പ്രത്യേക ക്ഷണിതാക്കളുടെ പ്രസംഗങ്ങൾ, നൂറിലധികം സെഷനുകൾ, പ്രബന്ധങ്ങൾക്കും പോസ്റ്ററുകൾക്കും പ്രത്യേക പുരസ്കാരങ്ങൾ എന്നിവയുണ്ടാകും. സ്റ്റാറ്റിസ്റ്റിക്സിലീ നൂതനവിഷയങ്ങളിൽ രണ്ട് കോഴ്സുകളും കോൺഫറൻസിന്റെ ഭാഗമായി നൽകും. പ്രിസിഷൻ മെഡിസിൻ, ബയേസിയൻ സ്പേഷ്യൽ സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്കൽ മെഷീൻ ലേണിംഗ്, ഡീപ് ലേണിംഗ്, പൈത്തൺ പ്രോഗ്രാമിംഗ് മുതലായ വിഷയങ്ങളിലാണ് സമ്മേളനത്തിന്റെ ഊന്നൽ.

സമ്മേളനത്തിൽ ആർ.ആർ.ബഹാദൂർ സ്മാരക പ്രഭാഷണം കൽക്കട്ടയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ. പ്രൊബൽ കഹുധാരി നടത്തും. ലോസ് ഏഞ്ചൽസിലെ കാലിഫോർണിയ സർവകലാശാലയിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ സുദീപ്തോ ബാനർജി, അമേരിക്കയിലെ ഗ്ലോബൽ ഡാറ്റ സയൻസ് ആൻഡ് എൽആർഎൽ ഡെവലപ്മെന്റ്, ജിബിഎസ് സെന്റ്ഴ്സ്റു എലി ലില്ലി ആൻഡ് കമ്പനിയിലെ പാണ്ഡുരംഗ് കുൽക്കർണി, മിഷിഗൺ സർവകലാശാലയിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ഭ്രമർ മുഖർജി എന്നിവർ പ്ലീനറി പ്രസംഗങ്ങൾ നടത്തും.

പെൻസിൽവാനിയ സർവകലാശാലയിലെ ഭാസ്വർ ഭട്ടാചാര്യ, നെബ്രാസ്ക-ലിങ്കൺ സർവകലാശാലയിലെ ജെന്നിഫർ ക്ലാർക്ക്, അമേരിക്കയിലെ മൗണ്ട് സിനായ് ഹെൽത്ത് സിസ്റ്റംസിലെ മധു മജുംദാർ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അനീഷ് സർക്കാർ, ദേബാഷിഷ് പോൾ, കാലിഫോർണിയ സർവകലാശാലയിലെ ഡേവിസ്, ജോൺസ് ഹോപ്കിൻസ് സർവകലാശാലയിലെ ദേബശ്രീ റേ എന്നീ ആറ് പ്രത്യേക ക്ഷണിതാക്കളുടെ പ്രഭാഷണവും പരിപാടിയുടെ ഭാഗമാകും.

ഐഐഎസ്എ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ഐഐഎസ്എ സർവീസ് അവാർഡ്, ഏർലി കരിയർ അവാർഡുകൾ, മികച്ച സ്റ്റുഡന്റ് പേപ്പർ, പോസ്റ്റർ മത്സര അവാർഡുകൾ എന്നിവയും സമ്മേളനത്തിൽ വിതരണം ചെയ്യും. ലോകമെമ്പാടുമുള്ള ഗവേഷകരുമായി ബന്ധപ്പെടാനും നെറ്റ്വർക്ക് ചെയ്യാനും അവസരങ്ങൾ പ്രദാനം ചെയ്യുന്ന ത്രിദിന കോൺഫറൻസിൽ 500 ഓളം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, www.intindstat.org ൽ ലോഗിൻ ചെയ്യുക.

## പിഎസ്സി പരീക്ഷയ്ക്ക് പരിശീലനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ യുണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയും കുസാറ്റ് മറൈൻ ജിയോളജി ആന്റ് ജിയോഫിസിക്സ് വകുപ്പും ചേർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മൈനിങ്ങ് ആന്റ് ജിയോളജി ഡിപ്പാർട്മെന്റിലേക്ക് നടത്തുന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായി പരിശീലനം നടത്തുന്നു. ഓൺലൈനായാണ് പരിശീലനം സംഘടിപ്പിക്കുന്നത്. 170 മണിക്കൂർ നിണ്ടുനിൽക്കുന്ന പരിശീലനത്തിന് 5000/ രൂപയാണ് ഫീസ്. പങ്കെടുക്കുവാൻ താല്പര്യമുളവർ ഓഫീസുമായി 0484 2576756 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# 4 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 4 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 3 ആശുപത്രികൾക്ക് പുതുതായി അംഗീകാരവും ഒരു ആശുപത്രിയ്ക്ക് പുന:അംഗീകാരവുമാണ് ലഭിച്ചത്. പാലക്കാട് ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രം 90.60% സ്കോറും, പാലക്കാട് ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രം 90.15% സ്കോറും, വയനാട് വെള്ളമുണ്ട കുടുംബാരോഗ്യ കേന്ദ്രം 89.70% സ്കോറും നേടിയാണ് പുതുതായി അംഗീകാരം നേടിയത്. കാസർഗോഡ് നർക്കിലക്കാട് കുടുംബാരോഗ്യ കേന്ദ്രം 95.18% സ്കോർ നേടിയാണ് വീണ്ടും അംഗീകാരം നേടിയെടുത്തത്.

ഇതോടെ സംസ്ഥാനത്തെ ആശുപത്രികളിൽ 193 എൻ.ക്യു.എ.എസ്. അംഗീകാരവും 83 പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 132 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിനായാണ് ഈ തുക വിനിയോഗിക്കുന്നത്.



# ഉപഭോക്തൃ പരാതിപരിഹാര സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കും : മന്ത്രി ജി.ആർ.അനിൽ

**തിരുവനന്തപുരം:** ഉപഭോക്തൃ പരാതികൾക്ക് പരിഹാരം കാണാനുള്ള സർക്കാർ സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കുമെന്ന് ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രി ജി.ആർ.അനിൽ. ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ഓൺലൈൻ വിൽപ്പനയുടെയും മൾട്ടി ലെവൽ മാർക്കറ്റിംഗിന്റെയും കാലഘട്ടത്തിൽ ഉപഭോക്തൃ സേവന, തർക്ക പരിഹാര സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനായി തർക്ക പരിഹാര സേവനങ്ങൾക്ക് ഓൺലൈൻ, വീഡിയോ കോൺഫറൻസിങ് മാർഗ്ഗങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കും. സ്കൂൾ - കോളേജ് തലത്തിൽ ആയിരം ബോധവൽക്കരണ ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർഥികളെ ഉപഭോക്തൃ സേവന പ്രചാരകരാക്കുമെന്നും മന്ത്രി പറഞ്ഞു.

ഉപഭോക്തൃ ശാക്തീകരണത്തിലും ഉപഭോക്തൃ സംസ്കാരത്തിലും കേരളം ഏറെ മുന്നിലാണ്. തർക്കപരിഹാരം ബോധവൽക്കരണം നയരൂപീകരണം എന്നിങ്ങനെ സമസ്തമേഖലകളിലും ഉപഭോക്തൃ ശാക്തീകരണത്തിനും സേവനങ്ങൾക്കുമായി സർക്കാർ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഗുണഭോക്താക്കൾ തർക്കപരിഹാര കമ്മീഷൻ സേവനം നല്ല തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും സമയബന്ധിതമായി തർക്കങ്ങൾ പരിഹരിക്കാൻ കഴിയുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഉപഭോക്തൃ പരാതി പരിഹാര നിരക്ക് അൻപത് ശതമാനത്തിൽ നിന്ന് നിലവിൽ 168 ശതമാനമായി വർധിച്ചിട്ടുണ്ട്. നമ്മുടെ കമ്മീഷനുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്നതിന് തെളിവാണ് തർക്ക പരിഹാരത്തിനുള്ള വേഗവും വർധനവും. കമ്മീഷനുകൾ പോലീസ് സഹായത്തോടെ വിധി നടപ്പാക്കാൻ കൂടി തുടങ്ങിയപ്പോൾ ജനങ്ങളിൽ കൂടുതൽ വിശ്വാസ്യതയും പരിഹാരമുണ്ടാകുമെന്നുള്ള ഉറപ്പുമുണ്ടായെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ അഡ്വ.ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ചു. വഴുതക്കാട് വാർഡ് കൗൺസിലർ അഡ്വ.രാഖി രവികുമാർ, തൈക്കാട് വാർഡ് കൗൺസിലർ മാധവദാസ് ജി, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് പി. വി.ജയരാജൻ, കൺസ്യൂമർ കമ്മീഷൻ ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ.എൻ.ജി.മഹേഷ് തുടങ്ങിയവർ പങ്കെടുത്തു.



# ഹൃദ്രോഗ ചികിത്സയിലൂടെ നവജാത ശിശു അത്ഭുതകരമായി ജീവിതത്തിലേക്ക്

**കൊച്ചി:** വൈദ്യശാസ്ത്ര മേഖലയിൽ പുതിയ ചരിത്രം കുറിച്ച ഹൃദ്രോഗ ചികിത്സയിലൂടെ നവജാത ശിശു അത്ഭുതകരമായി ജീവിതത്തിലേക്കു തിരികയെത്തി.

കേവലം 935 ഗ്രാം ഭാരവുമായി പിറന്ന, തൃശൂർ കാഞ്ഞാണി സ്വദേശികളായ നീതുവിൻറെയും, ജസ്റ്റിൻറെയും മകളായ അയ മേരി ജസ്റ്റിൻ എന്ന കുഞ്ഞിനാണ് എറണാകുളം ലിസി ആശുപത്രിയിലെ ഹൃദ്രോഗ ചികിത്സയിലുടെ പുതുജീവൻ ലഭിച്ചത്.

ടെട്രോളജി ഓഫ് ഫാലോ വിത്ത് പൾമണറി അട്രീഷ്യ എന്ന ഗുരുതരമായ ഹൃദ്രോഗവുമായാണ് കുഞ്ഞ് ജനിച്ചത്. ഹൃദയത്തിൽ നിന്നും ശ്വാസകോശത്തിലേക്ക് രക്തം കൊണ്ടുപോകുന്ന പൾമണറി ആർട്ടറി

കുഞ്ഞിന് ജൻമനാ തന്നെ ഇല്ലായിരുന്നു. അതുമൂലം ശരീരത്തിലെ രക്ത ശുദ്ധീകരണത്തിന് തടസം നേരിട്ടതിനാലാണ് കുഞ്ഞ് ഗുരുതരാവസ്ഥയിലായത്.

അത് പരിഹരിക്കുന്നതിനായി അയോർട്ടയും ശ്വാസകോശവുമായി ബന്ധിപ്പിക്കുന്ന രക്തധമനി സ്റ്റെൻറ് ഇട്ട് തുറന്നു കൊടുക്കുക എന്നതായിരുന്നു പ്രതിവിധി. എന്നാൽ ഇത്രയും ഭാരം കുറഞ്ഞ കുഞ്ഞിൽ ലോകത്തിൽ ആരും തന്നെ ഈ ചികിത്സാരീതി വിജയകരമായി നടത്തിയിട്ടില്ല എന്നാണ് വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞത്. ആയതിനാൽ പ്രോസ്റ്റാഗ്ലാൻറിൻ എന്ന ഇഞ്ചക്ഷൻ നൽകി കുഞ്ഞിനെ ചികിത്സിക്കുവാൻ ആണ് മെഡിക്കൽ സംഘം തീരുമാനിച്ചത്. തുടക്കത്തിൽ കുഞ്ഞ് ആ ചികിത്സയോട് നല്ല രീതിയിൽ പ്രതികരിച്ചെങ്കിലും പിന്നീട് രക്തത്തിൽ ഓക്സിജൻറെ ആളവ് ക്രമാതീ

തമായി കുറയുകയായിരുന്നു. തുടർന്ന് കുഞ്ഞിൻറെ ജീവൻ നിലനിർത്തുന്നതിനായി അത്യന്തം വെല്ലുവിളി നിറഞ്ഞ പി.ഡി.എ. സ്റ്റെൻറിംഗ് എന്ന ചികിത്സയുമായി മുന്നോട്ട് പോകുവാൻ തന്നെ ഡോക്ടർമാർ തീരുമാനിക്കുകയായിരുന്നു. സ്റ്റെൻറ് ഇട്ടതിനു ശേഷം വൈകാതെ തന്നെ കുഞ്ഞിൻറെ രക്തത്തിലെ ഓക്സിജൻറെ അളവ് സാധാരണ നിലയിലായി. ഏതാനും ദിവസത്തെ ആശുപത്രിവാസത്തിനു ശേഷം പൂർണ്ണ ആരോഗ്യത്തോടെ കുഞ്ഞ് വീട്ടിലേക്ക് മടങ്ങി. സംസ്ഥാന സർക്കാരിൻറെ ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണമായും സൗജന്യമായാണ് ഹൃദ്രോഗ ചികിത്സ നടത്തിയത്.

ലിസി ആശുപത്രിയിലെ പീഡിയാട്രിക്ക് കാർഡിയോളജി വിഭാഗം മേധാവി ഡോ. എസ്.ആർ. അനിലിൻറെ നേതൃത്വത്തിലായിരുന്നു ചികിത്സ. ഡോ. ജെന്നു റോസ് ജോസ്, ഡോ.ജഗൻ വി. ജോസ്, ഡോ. ശ്രീശങ്കർ, ഡോ. ബർഷ സെൻ, ഡോ. ശ്രീജിത്ത്, കുട്ടികളുടെ ഹൃദയശസ്ത്രക്രിയ വിഭാഗം മേധാവി ഡോ. സാജൻ കോശി എന്നിവർ ചികിത്സയിൽ പങ്കാളികളായിരുന്നു. നവജാത ശിശുരോഗ വിഭാഗം തലവൻ ഡോ.ടോണി മാമ്പിള്ളി, ഡോ. ഫാത്തിമ ജഫ്ന എന്നിവരുടെ നേതൃത്വത്തിലായിരുന്നു തുടർചികിത്സ.

ലിസി അശുപത്രിയിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്താണ് കുഞ്ഞ് മാതാപിതാക്കൾക്കൊപ്പം വീട്ടിലേക്ക് മടങ്ങിയത്. ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർമാരയ ഫാ.റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, അസി.ഡയറക്ടർമാരായ ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. റോണി മാത്യു കടവിൽ, ഡോ. ജേക്കബ്ബ് എബ്രഹാം, ചികിൽസയ്ക്ക് നേതൃത്വം നൽകിയ മറ്റ് ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ എന്നിവർ ഉൾപ്പെടെ നിരവധി പേർ ചടങ്ങിന് എത്തിയിരുന്നു.

# ഫോക്‌ലോർ ഫെസ്റ്റിൽ പുതുവത്സരാഘോഷം 28 മുതൽ

**വൈപ്പിൻ:** കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി പുതുവത്സരാഘോഷം ഡിസംബർ 28,29,30 തീയതികളിൽ നടത്തും. കുഴുപ്പിള്ളി ബീച്ച്, എടവനക്കാട് പുളിക്കനാട്ട് ഹാൾ, ചെറായി ബീച്ച് എന്നിവിടങ്ങൾ വേദിയാകും.

ഡിസംബർ 28ന് കുഴുപ്പിള്ളി ബീച്ചിൽ വൈകുന്നേരം 3.30ന് മനോഹരമായ ഘോഷയാത്രയോടെ പുതുവത്സരാഘോഷത്തിന് തുടക്കമാകും. തുടർന്ന് നടക്കുന്ന സംസ്കാരിക സമ്മേളനം പഞ്ചായത്ത് പ്രസിഡന്റും ഫോക്‌ലോർ ഫെസ്റ്റ് ജനറൽ കൺവീനറുവായ കെ എസ് നിബിന്റെ അധ്യക്ഷതയിൽ കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയും രാജു നാരായണ സ്വാമി ഐഎഎസും ചേർന്ന് ഉദ്ഘാടനം ചെയ്യും. പ്രമുഖർ പങ്കെടുക്കും. നാലുമണിക്ക് ആവേശകരമായ സംസ്ഥാനതല ബീച്ച് ജൂഡോ ചാമ്പ്യൻഷിപ്പ് നടക്കും. ഏഴു മണിക്ക് നാടൻ നൃത്തരൂപമായ മടാട്ട് നൃത്തം കുളത്തൂപ്പുഴ തനത് കലാസംലം അരങ്ങിലെത്തിക്കും. തുടർന്ന് ഗാനമേള.

ഡിസംബർ 29നു രാവിലെ പത്തു മുതൽ എടവനക്കാട് പുളിക്കനാട്ട് ഹാളിൽ ഇശൽ ഫെസ്റ്റ് ചലച്ചിത്ര നടൻ മജീദ് ഉത്ഘാടനം ചെയ്യും. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയും പ്രസിദ്ധ മാപ്പിളപ്പാട്ട് കലാകാരൻ റഷീദ് മോങ്ങവും വിശിഷ്ടാതിഥികളാകും. എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൾ സലാം അധ്യക്ഷത വഹിക്കും. വൈസ് പ്രസിഡന്റ് വി കെ ഇക്ബാൽ, ബ്ലോക്ക് വൈസ് പ്രസിഡന്റ് കെ എ സാജിത് തുടങ്ങിയവരും സാംസ്കാരിക, സാമൂഹിക രംഗങ്ങളിലെ പ്രമുഖരും സംസാരിക്കും. ജനകീയ കലാരൂപങ്ങളായ ഒപ്പന, കോൽക്കളി, മാപ്പിളപ്പാട്ട് എന്നിവയിൽ സംസ്ഥാന തല മത്സരം നടക്കും.

അറബിച്ചുവയുള്ള മലയാളം ഭാഷയിൽ ജനകീയവും സംഗീതാത്മകവുമായി അവതരിപ്പിക്കുന്ന മാപ്പിളപ്പാട്ടുകൾ ഏറെ ആസ്വാദ്യകരമാകും. മുസ്ലിം കുടുംബങ്ങളിലെ വിവാഹാഘോഷഭാഗമായ ഒപ്പനയും കോൽക്കളിയും ഏറെ ആകർഷകം.

കുഴുപ്പിള്ളി ബീച്ചിൽ ഉച്ച കഴിഞ്ഞു 2 മുതൽ ബീച്ച് വടംവലി, ബീച്ച് ഗുസ്തി മത്സരങ്ങൾ.5.30 മുതൽ വാവയുടെ ഗാനാഞ്ജലി. 6.30നു വയനാട് വെള്ളയ്യാങ്കണി പളിയ അവതരിപ്പിക്കുന്ന പരമ്പരാഗത നൃത്തമായ പളിയ നൃത്തം അരങ്ങേറും. തുടർന്ന് കോപ്പാ പോയട്രി ബാൻഡിന്റെ അത്യാകർഷക കൊട്ടും പാട്ടും പറച്ചിലും. 30 ന് ചെറായി ബീച്ചിൽ വൈകിട്ട് 6.30 മുതൽ തനത്, നാടൻ കലാരൂപമായ ഗദ്ദിക വയനാട് പി കെ കാളൻ ഗോത്രകല അവതരിപ്പിക്കും. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ സന്നിഹിതനാകും.

## ഒപ്പന, കോൽക്കളി, മാപ്പിളപ്പാട്ട് മത്സരങ്ങളിൽ പങ്കെടുക്കാം

**വൈപ്പിൻ:** ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി ഇശൽ ഫെസ്റ്റ് ഈ മാസം 29ന് എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ നടത്തും. രാവിലെ 10 മുതലാണ് പരിപാടികൾ.

ജനകീയ കലാരൂപങ്ങളായ ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി തുടങ്ങിയ മത്സരങ്ങളാണ് ഇഷൽ ഫെസ്റ്റിൽ അരങ്ങേറുക. മത്സരങ്ങളിൽ പങ്കാളികളാകുന്നവർക്ക് സർട്ടിഫിക്കറ്റും വിജയിക്കുന്നവർക്ക് ക്യാഷ് പ്രൈസും ഉൾപ്പെടെ ഇഷൽ ഫെസ്റ്റിൽ സമ്മാനിക്കും. മാപ്പിളപ്പാട്ടിൽ കാറ്റഗറി തിരിച്ചിട്ടുണ്ട്. സബ് ജൂനിയർ 12 വയസ്സ് വരെ, ജൂനിയർ 13 - 18വരെ, സീനിയർ 18 മുകളിൽ 50 വയസ്സ് വരെ, സീനിയർ സീനിയർ 50 ന് മുകളിൽ.

മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഉടനെ രജിസ്റ്റർ ചെയ്യണം. മാപ്പിള കലാരൂപങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്കും ബന്ധപ്പെടാം.ഇമെയിൽ: knunnikrishnan2021@gmail.com.ഫോൺ: 9446467435, 9567674130, 9744555359.

## ബി.ഫാം ലാറ്ററൽ എൻട്രി പ്രവേശനം

**തിരുവനന്തപുരം:**ബിഫാം (ലാറ്ററൽ എൻട്രി) അപേക്ഷകർക്ക് അവരുടെ പേര്, ഫോട്ടോ, ഒപ്പ് എന്നിവയ്ക്ക് പുറമേ നാഷണാലിറ്റി, നേറ്റിവിറ്റി, സംവരണാനുകൂല്യങ്ങൾ, ഫീസ് ഇളവുകൾ എന്നിവ തെളിയിക്കുന്നതിനായി അപ്‌ലോഡ് ചെയ്ത രേഖകൾ പരിശോധിക്കാവുന്നതാണ്. പേര്, ഫോട്ടോ, ഒപ്പ് എന്നിവയിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ ഡിസംബർ 19ലെ മുമ്പ് സാധുവായ രേഖകൾ/ശരിയായ ഫോട്ടോ/ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്ത് അവ പരിഹരിക്കണം. (ഡിസംബർ 19 ലെ വിജ്ഞാപനം കാണുക). അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിൽ എന്തെങ്കിലും അപാകതകൾ ഉള്ളവർ ഡിസംബർ 31ന് 5 മണിക്ക് മുൻപായി സാധുവായ രേഖകൾ അപ്‌ലോഡ് ചെയ്ത് അപാകതകൾ പരിഹരിക്കണം. വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in വെബ്സൈറ്റിലെ വിജ്ഞാപനങ്ങൾ കാണുക. ഹെൽപ് ലൈൻ നമ്പർ : 04712525300.

# അടുക്കളത്തോട്ടത്തിൽ ഒഴിച്ചുകൂടാനാവാത്ത നാരകം



കേരളത്തിലെ കാലാവസ്ഥയിൽ വളരെ എളുപ്പത്തിൽ വളർത്തിയെടുക്കാവുന്ന ഫലവർഗമാണ് ഒടിച്ചുകുത്തി നാരകം. കമ്പുകൾ മുറിച്ചുനട്ട് വളർത്താമെന്നതാണ് ഇതിന്റെ പ്രത്യേകത. കീടരോഗബാധ തീരേ കുറവാണിതിന്. പെൻസിൽ കനമുള്ള ചെറുകമ്പുകൾ വേരുപിടിപ്പിച്ച് നടുന്നതാണ് സാധാരണ രീതി. ലെയർ തൈകൾ നഴ്സറികളിൽ ലഭ്യമാണ്.

രണ്ടടി നീളവും വീതിയും താഴ്ചയുമുള്ള കുഴിയിൽ 10 കിലോഗ്രാം പൊടിഞ്ഞ കാലിവളവും മേൽമണ്ണും നിറച്ച് തൈനടാം. നല്ല വെയിൽ കിട്ടുന്ന സ്ഥലമാണ് നടാൻ തിരഞ്ഞെടുക്കേണ്ടത്. വെള്ളവും ജൈവവളവും തുടർച്ചയായി കിട്ടിയാൽ ഉത്പാദനം കൂടും. ശരിയായ രീതിയിൽ പരിപാലിക്കുകയാണെങ്കിൽ നട്ട് ആറുമാസത്തിൽ കായ്ച്ചുതുടങ്ങും.

വളർച്ച ക്രമാതീതമാകാതിരിക്കാൻ ശ്രദ്ധിക്കണം. ഉയരത്തിൽ പോകുന്നതും കേടുവന്നതുമായ ശാഖകൾ ഏറ്റവും താഴെവെച്ചു മുറിച്ചുമാറ്റുന്ന രീതിയിലുള്ള പ്രൂണിങ്ങിലൂടെ ചെടിക്കാവശ്യമായ സൂര്യപ്രകാശം ഉറപ്പുവരുത്താം. മൂന്നുമാസത്തിൽ ഒരിക്കൽ അഞ്ചുകിലോഗ്രാം പൊടിഞ്ഞ ജൈവവളവും കാൽ കിലോഗ്രാം പൊട്ടാഷും നൽകാം. ശിഖരങ്ങളുടെ അഗ്രഭാഗത്താണ് കായപിടിത്തം. നാലും അഞ്ചും നാരകം ഒരു പോയിന്റിൽത്തന്നെ തൂങ്ങിക്കിടക്കും.

ആദ്യഘട്ടത്തിൽ പച്ചനിറത്തിൽ വരുന്ന നാരകം പഴുക്കുമ്പോൾ മഞ്ഞയാകും. വിറ്റാമിൻ സിയുടെ കലവറയാണ് ഒടിച്ചുകുത്തി നാരകം. ഇതുകൂടാതെ തയാമിൻ, റൈബോ ഫ്ളാവിൻ, നിയാസിൻ തുടങ്ങിയ വിറ്റാമിൻ ബിക്കാരും ഉണ്ട്. കാത്സ്യവും പൊട്ടാസ്യവും മഗ്നീഷ്യവും ധാരാളമുണ്ട്. തോടിന് ചെറിയ കയ്പുരസമാണ്. അതിനാൽ ചെറുനാരങ്ങ പിഴിഞ്ഞുള്ളതിൽനിന്നും വ്യത്യസ്തമായി രണ്ടായി മുറിച്ച് മുസമ്പി ജ്യൂസർ ഉപയോഗിച്ചോ നാരങ്ങയ്ക്കുള്ളിൽ സ്പൂൺ കടത്തി കറക്കിയോ നീരെടുക്കാവുന്നതാണ്.

സ്ക്വാഷ് ഉണ്ടാക്കുന്നതിനായി അളവ് കണക്കാക്കി അത്രതന്നെ പഞ്ചസാര അൽപം വെള്ളംചേർത്ത് പാനിയാക്കി തണുത്തതിനുശേഷം നാരങ്ങാ ജ്യൂസിൽ മിക്സ് ചെയ്ത് ഫ്രിഡ്ജിൽ സൂക്ഷിക്കാം.



# കടൽപ്പായൽ കൃഷിയിലേക്കിറങ്ങാം; തീരമേഖലയിലെ സ്ത്രീകൾക്ക് സ്വാഗതം

**തൃശ്ശൂർ:** അതിവേഗം വളരുന്ന മത്സ്യകൃഷിമേഖലകളിലൊന്നായ കടൽപ്പായൽകൃഷിയിൽ വനിതാസംഘങ്ങൾക്ക് അവസരം. സമുദ്രത്തിലെ 'അദ്ഭുതസസ്യ'മായി കണക്കാക്കുന്ന കടൽപ്പായൽ കൃഷിചെയ്യുന്നതിലൂടെ തീരമേഖലയിലെ സാമ്പത്തിക, സാമൂഹിക, പരിസ്ഥിതി വളർച്ചയ്ക്കുള്ള അവസരംകൂടിയാണ് ലഭിക്കുന്നത്. കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യകിസാൻ സമൃദ്ധി സഹയോജനയുടെ ഉപപദ്ധതിയായാണ് ഇതിനുള്ള സഹായം ലഭിക്കുന്നത്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണകേന്ദ്രം (സി.എം.എഫ്.ആർ.ഐ.) സംസ്ഥാനത്ത് കടൽപ്പായൽകൃഷിക്ക് യോജ്യമായ ഏഴ് സ്ഥലങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞം, തിരുമല്ലവാരം, എലത്തൂർ, പുതിയാപ്പ, തിക്കോടി, പടന്ന, ബേക്കൽ എന്നിവിടങ്ങളാണവ. ഇവിടങ്ങളിലെ 80 ഹെക്ടർ കടൽത്തീരം കടൽപ്പായൽകൃഷിക്ക് അനുയോജ്യമാണെന്നാണ് കണ്ടെത്തിയത്.

കടൽപ്പായലിൽനിന്ന് ലഭിക്കുന്ന രാസവസ്തുക്കൾ ഭക്ഷണം, സൗന്ദര്യവർധകവസ്തുക്കൾ, മരുന്ന് തുടങ്ങിയവയിലും ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സത്ത് ആരോഗ്യവർധകഭക്ഷണങ്ങളുടെ (ഹെൽത്ത് സപ്ലിമെന്റ്) നിർമാണത്തിലും ഉപയോഗിക്കുന്നു.

സി.എം.എഫ്.ആർ.ഐ.യുടെ മറൈൻ ബയോടെക്നോളജി ഫിഷ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ. കാജൽ ചക്രവർത്തിയുടെ നേതൃത്വത്തിൽ രോഗപ്രതിരോധത്തിനും കൊളസ്ട്രോൾ നിയന്ത്രണത്തിനും ഫാറ്റി ലിവറിനെ ചെറുക്കുന്നതിനും പ്രകൃതിദത്ത ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പദ്ധതിപ്രകാരം ഫിഷറീസ്, അക്വാകൾച്ചർ സൂക്ഷ്മസംരംഭങ്ങൾക്ക് പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് സഹായധനം നൽകുന്നത്. സ്ത്രീകൾക്കും പട്ടികജാതിപട്ടികവർഗ വിഭാഗങ്ങൾക്കും നിക്ഷേപത്തിന്റെ 35 ശതമാനം അല്ലെങ്കിൽ 45 ലക്ഷം രൂപവരെയും പൊതുവിഭാഗത്തിന് 25 ശതമാനം അല്ലെങ്കിൽ പരമാവധി 35 ലക്ഷം രൂപ വരെയുമാണ് നൽകുന്നത്. ധനകാര്യസ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് വായ്പ ലഭിക്കുന്നതിനും അവസരം ലഭിക്കും.

വിശദാംശങ്ങൾക്ക്: https://pmmkssy.dof.gov.in

കടലിലെ പാറകളിലോ പവിഴപ്പുറ്റുകളിലോ പറ്റിപ്പിടിച്ചു വളരുന്ന ചെറുസസ്യങ്ങളാണ് കടൽപ്പായലുകൾ. ഭക്ഷണമായും ഔഷധമായും ഉപയോഗിക്കാവുന്ന ഘടകങ്ങൾ ഇവയിലുണ്ട്. വലിയ അളവിൽ കാർബൺ ഡൈഓക്സൈഡ് ആഗിരണം ചെയ്യുന്നതിനാൽ കാലാവസ്ഥാവ്യതിയാനത്തെ ലഘൂകരിക്കാനും ഇവ സഹായിക്കും. മണ്ണിനെ കൃഷിയോഗ്യമാക്കുമെന്നതിനാൽ ജൈവകൃഷിക്കും അനുയോജ്യമാണ്.

# കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശൈത്യകാല വിളകളിലെ കീടരോഗബാധകൾ ഒഴിവാക്കാം

അന്യനാട്ടിൽ കൃഷിചെയ്ത് വിളഞ്ഞ ശീതകാല പച്ചക്കറികളുടെ ഉപഭോക്തൃ സംസ്ഥാനമായിരുന്നു നാളിതുവരെ കേരളം. ഈ നിലയ്ക്ക് മാറ്റം വന്നുകൊണ്ടേയിരിക്കുന്നു. ശീതകാല പച്ചക്കറികളിൽ പ്രധാനിയായ കാബേജും കോളിഫ്ലവറും നമ്മുടെ നാട്ടിൽ കൃഷിചെയ്യുന്നുണ്ട്. ഒക്ടോബർ മുതൽ മാർച്ച് വരെയാണ് ഇതിന്റെ സീസൺ.

കർഷകരെ നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങളാണ് പുതിയ പച്ചക്കറികളിൽ കാണുന്ന വിവിധതരത്തിലുള്ള രോഗകീടബാധകൾ. ഇവയെ നിയന്ത്രിക്കാൻ ജൈവകീടനാശിനികളോ അപകടകരമല്ലാത്ത രാസകീടനാശിനികളോ പ്രയോഗിക്കണം.

**പ്രതിരോധമരുന്ന് തളി**

ചില ചെടികളുടെ ചാറ് ഉപയോഗിച്ച് പലവിധത്തിലുള്ള കീടങ്ങളെയും അകറ്റിനിർത്താനാവും. കിരിയാത്ത്, വേപ്പ്, നാറ്റപ്പൂച്ചെടി, പെരുവലം എന്നിവ ഇതിന് ഉദാഹരണമാണ്. ഇവ വിവിധതരത്തിലുള്ള കഷായങ്ങൾ ആക്കുന്നതിനേക്കാൾ എളുപ്പവഴി ഉണക്കിപ്പൊടിച്ച് ആവശ്യാനുസരണം ലായനിയാക്കി തളിച്ച് കൊടുക്കുന്നതാണ്. ഇവയുടെ ഇലകൾ ശേഖരിച്ച് തണലിൽ ഉണക്കി പ്പൊടിക്കണം.

മരുന്നുലായനി ആവശ്യമായിവരുമ്പോൾ 400 ഗ്രാം ഇലപ്പൊടി 24 മണിക്കൂർനേരം ഒരു ലിറ്റർ വെള്ളത്തിൽ കുതിർത്തശേഷം മസ്ലിൻ തുണിയിൽ അരിച്ചെടുക്കുക. 400 ഗ്രാം ബാർസോപ്പ് ചീകി ഒൻപത് ലിറ്റർ വെള്ളത്തിൽ അലിയിക്കുക. ഇത് തയ്യാറാക്കിയ ഇലച്ചാറിലേക്ക് ഒഴിച്ച് നല്ലപോലെ യോജിപ്പിച്ച് പച്ചക്കറിച്ചെടികൾക്ക് ഒന്നുരണ്ടാഴ്ച കൂടുമ്പോൾ സ്പ്രേ ചെയ്യാം.

**കീടബാധ കണ്ടുതുടങ്ങിയാൽ**

ഇലതീനിപ്പുഴുക്കൾ ശൈത്യകാല വിളകളിലെ വലിയശല്യമാണ്. രാത്രിയിലാണ് ഇവയുടെ ആക്രമണം. പകൽ മണ്ണിലോ ഉണങ്ങിയ ഇലകളുടെ അടിയിലോ ഒളിച്ചിരിക്കും. മാലത്തിയോൺ രണ്ട് മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഫ്ളൂ ബെൻ ഡയാമെഡ് രണ്ടരഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ചുകൊടുക്കുക.

**രോഗബാധയ്ക്കെതിരേ**

മൃദു പൂപ്പൽരോഗം വളർച്ചയെത്താത്ത ചെടികൾ മുതൽ ബാധിച്ച് തുടങ്ങും. ഇലയുടെ അടിഭാഗങ്ങളിൽ തവിട്ടുനിറത്തിൽ കോണാകൃതിയിലുള്ള കുത്തുകൾ കാണപ്പെടും. ഇതോടൊപ്പം ഇലയുടെ മുകൾഭാഗം മഞ്ഞകലർന്ന് കാണാം. കോളിഫ്ളവറിന്റെ പൂക്കളിൽ കറുപ്പുനിറത്തിലോ തവിട്ടുനിറത്തിലോ ഉള്ള നിറമാറ്റമുണ്ടാകും.

പൊട്ടാസ്യം ഫോസ്ഫറേറ്റ് നാല് മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണിൽ ഒഴിച്ചുകൊടുക്കുകയും ഇലകളിൽ തളിച്ചുകൊടുക്കുകയും ചെയ്യുക. കാബേജിന്റെയും കോളിഫ്ളവറിന്റെയും തലഭാഗങ്ങളിൽ കറുപ്പുനിറത്തിലുള്ള മാറ്റമുണ്ടാകുകയും ക്രമേണ ഇവ അഴുകുകയും ചെയ്യും. ദുർഗന്ധവും ഉണ്ടാകും. സ്ട്രെപ്റ്റോസൈക്ലിൻ ഒരു ഗ്രാം ആറുലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് രോഗനിയന്ത്രണംവരുത്താം.

**പോഷകപ്രശ്നങ്ങൾ**

കോളിഫ്ളവറിന്റെ പൂക്കളിൽ കറുത്തനിറം വ്യാപിക്കും. പൂവ് നെടുകെ മുറിച്ചുനോക്കിയാൽ തണ്ടിൽ നിറവ്യത്യാസം കാണാനാവും. ചിലപ്പോൾ തണ്ടിന്റെ ഉൾഭാഗം പൊള്ളയായും കാണാം. സൊലുബോർ ഒന്നരഗ്രാം ഒന്നരലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിച്ച് പ്രശ്നം പരിഹരിക്കാം.



# വാട്ടർ ഫെസ്റ്റിനെ വരവേൽക്കാൻ മാലിന്യ മുക്തമായി ബേപ്പൂർ ബീച്ച്; ശുചീകരണ യജ്ഞം നടത്തി

**ബേപ്പൂർ:** ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവലിന്റെ പ്രധാന വേദിയായ ബേപ്പൂർ ബീച്ചിൽ ശുചീകരണ യജ്ഞം നടത്തി. വാട്ടർ ഫെസ്റ്റിനെത്തുന്ന സന്ദർശകരെ വരവേൽക്കുന്നതിന്റെ ഭാഗമായി നടത്തിയ ശുചീകരണ പ്രവൃത്തി ബേപ്പൂർ ഡവലപ്പ്മെന്റ് മിഷൻ ചെയർമാൻ എം ഗിരീഷ് ഉദ്ഘാടനം ചെയ്തു. കോർപറേഷൻ കൗൺസിലർമാരായ ടി രജനി, കെ രാജീവ്, ടി കെ ഷെമീന, വാട്ടർ ഫെസ്റ്റ് വളണ്ടിയർ കമ്മിറ്റി ചെയർമാൻ ഷഫീഖ്, ലൈറ്റ് ആന്റ് സൗണ്ട് കമ്മിറ്റി ചെയർമാൻ സന്ദേശ്, മീഡിയാ കമ്മറ്റി ചെയർമാൻ സനോജ് കുമാർ ബേപ്പൂർ എന്നിവർ സംസാരിച്ചു.

ബേപ്പൂർ ഹയർ സെക്കണ്ടറി സ്കൂളിലെ എസ്പിസി കേഡറ്റുകൾ, എൻഎസ്എസ് യൂണിറ്റ് വളണ്ടിയർമാർ, വിവിധ കോളേജുകളിലെ ടൂറിസം ക്ലബ്ബ് വളണ്ടിയർമാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി.

ബേപ്പൂർ ഫെസ്റ്റ് നടക്കുന്ന ബേപ്പൂർ മറീന, ജങ്കാർ പരിസരം, പുലിമുട്ട്, ഫുഡ് ഫെസ്റ്റ് നടക്കുന്ന പാരിസൺസ് പരിസരം ഉൾപ്പെടെ ബേപ്പൂർ ബീച്ചിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നടത്തിയ ശുചീകരണ യജ്ഞത്തിൽ നൂറുകണക്കിന് വളണ്ടിയർമാർ പങ്കെടുത്തു. ഇവിടെ നിന്നും ശേഖരിച്ച മാലിന്യങ്ങൾ കോഴിക്കോട് കോർപറേഷന് കൈമാറി.

വാട്ടർ ഫെസ്റ്റിന്റെ മറ്റൊരു വേദിയായ ചാലിയം ബീച്ചിലും തിങ്കളാഴ്ച ശുചീകരണ യജ്ഞം നടത്തിയിരുന്നു. ഡിസംബർ 27 മുതൽ 29 വരെയാണ് വാട്ടർ ഫെസ്റ്റ് നടക്കുക.

# ഉപഭോക്താവ് കൂടുതൽ ജാഗ്രത പുലർത്തണം; തോട്ടത്തിൽ രവീന്ദ്രൻ

**കോഴിക്കോട്:** സ്വന്തം പണം കൊടുത്തു ഉൽപ്പന്നം വാങ്ങുന്ന ഉപഭോക്താവ് ഉൽപ്പന്നം കുറ്റമറ്റതാണ് എന്ന് ഉറപ്പുവരുത്താനും അല്ലെങ്കിൽ പരാതിപ്പെടാനും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ.

ദേശീയ ഉപഭോക്തൃ അവകാശ ദിനാചാരണത്തിന്റെ ഭാഗമായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സംഘടിപ്പിച്ച ഉപഭോക്തൃ അവകാശ ജാലകം പരിപാടി സിവിൽ സ്റ്റേഷനിലെ താലൂക്ക് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുജനങ്ങളിൽ പലർക്കും ഉപഭോക്തൃ അവകാശത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലെന്നും അറിവുള്ളവരിൽ പലരും




അവകാശങ്ങൾ ഉപയോഗിക്കാൻ മടി കാണിക്കുന്നതായും എംഎൽഎ ചൂണ്ടിക്കാട്ടി. 'ഏറ്റവും കൂടുതൽ മായം ചേർക്കുന്നത് വെളിച്ചെണ്ണയിലാണ്.സൂപ്പർമാർക്കറ്റിൽ ഒരുപാട് ബ്രാൻഡ് വെളിച്ചെണ്ണകളിൽ വിലക്കുറവുള്ള വെളിച്ചെണ്ണയാണ് നമ്മൾ വാങ്ങുക. വിലക്കുറവെന്ന് കേട്ടാൽ നമുക്ക് എന്തും സ്വീകാര്യമാണ്. ഗുണനിലവാരം നോക്കാറില്ല. റിബേറ്റും ഡിസ്കൗണ്ടും തമ്മിലുള്ള വ്യത്യാസം പലർക്കും അറിയില്ല,' എംഎൽഎ ചൂണ്ടിക്കാട്ടി.

പരിപാടിയിൽ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ അംഗം വി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. 'ഉപഭോക്തൃ നീതിക്കായുള്ള ഡിജിറ്റൽ വഴികൾ' എന്ന വിഷയത്തിൽ കോഴിക്കോട് ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മീഡിയേഷൻ സെൽ നോഡൽ ഓഫീസർ ഡി എസ് സത്യജിത്തും 'ഉപഭോക്താക്കളും നിർമ്മിതബുദ്ധിയും' എന്ന വിഷയത്തിൽ കേരള പോലീസിലെ സൈബർ ക്രൈം വിദഗ്ധൻ കെ ബീരജും ക്ലാസെടുത്തു.

ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പ്രസിഡണ്ട് ടി കെ എ അസീസ്, കേരള കൺസ്യൂമർ അസോസിയേഷൻ ജനറൽ സെക്രട്ടറി സലാം വെള്ളയിൽ, ഓൾ കേരള കൺസ്യൂമർ മൂവ്മെന്റ് പ്രസിഡന്റ് പാലത്ത് ഇമ്പിച്ചിക്കോയ, കൺസ്യൂമർ ഫെഡറേഷൻ ഓഫ് കേരള സംസ്ഥാന പ്രസിഡണ്ട് സക്കറിയ പള്ളിക്കണ്ടി, പത്മനാഭൻ വേങ്ങേരി എന്നിവർ സംസാരിച്ചു.

# അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് അധ്യാപികമാരെ പിരിച്ചുവിടുന്ന പ്രവണത കൂടുതലെന്ന് വനിത കമ്മിഷൻ അധ്യക്ഷ

**കോഴിക്കോട്:** പത്ത്മുപ്പത് വർഷത്തോളം ജോലി ചെയ്ത അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഒരു സുപ്രഭാതത്തിൽ യാതൊരു കാരണവുമില്ലാതെ അധ്യാപികമാരെ പിരിച്ചു വിടുന്ന പ്രവണത കോഴിക്കോട് ജില്ലയിൽ കൂടുതലെന്ന് സംസ്ഥാന വനിത കമ്മിഷൻ അധ്യക്ഷ പി സതീദേവി.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചൊവ്വാഴ്ച നടന്ന വനിത കമ്മിഷൻ സിറ്റിംഗിനുശേഷം സംസാരിക്കുകയായിരുന്നു അവർ.

അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപികമാർ നേരിടുന്ന ചൂഷണം കേരളത്തിൽ മൊത്തത്തിൽ ഉണ്ടെങ്കിലും കോഴിക്കോടാണ് കൂടുതൽ. പ്രകടനം മോശമാണ് എന്ന കാരണം പറഞ്ഞാണ് ഇവരെ ഒരു സുപ്രഭാതത്തിൽ പിരിച്ചുവിടുന്നത്. ഇത് യാതൊരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. പിരിച്ചു വിടുന്ന അധ്യാപികമാർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകാൻ മാനേജ്മെന്റുകൾ തയാറാകണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടു.

തൊഴിലിടങ്ങളിലെ മറ്റ് ചൂഷണങ്ങളും പരാതികളായി വരുന്നു. പല തൊഴിൽ സ്ഥാപനങ്ങളിലും പരാതിപരിഹാര സംവിധാനം നിയമം അനുശാസിക്കും വിധം പ്രവർത്തിക്കുന്നില്ല. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉപഭോക്താക്കൾ ആയ സ്ത്രീകളെ ചൂഷണം ചെയ്യുന്ന പരാതികളുണ്ട്. ഇത്തരം സ്ഥാപനങ്ങളിലെ സങ്കീർണമായ നിയമങ്ങളെക്കുറിച്ച് ധാരണകൾ ഇല്ലാത്ത സ്ത്രീകളാണ് തട്ടിപ്പിൽ വീഴുന്നത്. ഗാർഹിക സംബന്ധമായ പരാതികളും കൂടുന്നു. മദ്യപാനാസക്തിയാണ് ഇത്തരത്തിലുള്ള സംഭവങ്ങൾക്ക് പിന്നിലെ പ്രേരകം. ഇവ കുടുംബാന്തരീക്ഷത്തെയും കുട്ടികളെയും ബാധിക്കുന്നു.

എട്ടു മാസമായി അകന്നുകഴിഞ്ഞിരുന്ന ദമ്പതികൾ കമ്മിഷന്റെ നിരന്തര കൗൺസിലിങ്ങിന് ശേഷം ഒരുമിച്ച് ജീവിക്കാൻ തയ്യാറാണെന്ന് സിറ്റിങ്ങിൽ അറിയിച്ചു. ഇക്കാര്യം ഒന്നുകൂടി ഉറപ്പിക്കാൻ രണ്ടു മാസം കൂടി സമയം ഇവർക്ക് അനുവദിച്ചു.

പന്തീരങ്കാവ് ഗാർഹിക പീഡന കേസിലെ പെൺകുട്ടി രണ്ടാമതും ഭർത്താവിൽ നിന്ന് അക്രമം നേരിട്ട സംഭവത്തിൽ പരാതി നൽകിയതായി പി സതീദേവി അറിയിച്ചു. പറവൂർ സ്വദേശിയായ പെൺകുട്ടി ആദ്യം നേരിട്ട ശാരീരിക അതിക്രമത്തെ കുറിച്ചുള്ള പരാതി എറണാകുളം ജില്ലയിലായിരുന്നു നൽകിയത്. പുതുതായി കമ്മിഷന് മുമ്പാകെ കോഴിക്കോട് നൽകിയ പരാതി ഗൗരവത്തിലാണ് കമ്മിഷൻ കാണുന്നതെന്നും സത്വര നടപടികൾ സ്വീകരിക്കുമെന്നും അധ്യക്ഷ അറിയിച്ചു.

66 പരാതികൾ പരിഗണിച്ചതിൽ 20 എണ്ണം തീർപ്പാക്കി. നാലെണ്ണത്തിൽ പൊലീസ് റിപ്പോർട്ട് തേടി. രണ്ടെണ്ണം കൗൺസിലിംഗിന് നിർദേശിച്ചു. ബാക്കി 40 എണ്ണം അടുത്ത സിറ്റിലേക്ക് മാറ്റി. പുതിയതായി രണ്ട് പരാതികളാണ് ചൊവ്വാഴ്ച സ്വീകരിച്ചത്.

കമ്മിഷൻ മെമ്പർ അഡ്വ പി കുഞ്ഞായിഷ, അഡ്വക്കറ്റുമാർ, കൗൺസിലർമാർ എന്നിവർ പങ്കെടുത്തു.



# പഴശ്ശി പദ്ധതിയുടെ അഴീക്കൽ ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവൃത്തി തുടങ്ങി

**കോഴിക്കോട്:** പഴശ്ശി ജലസേചന പദ്ധതിയുടെ അഴീക്കൽ ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവൃത്തി ഉദ്ഘാടനം ഏച്ചൂർ ഇലക്ട്രിക്കൽ ഓഫീസിന് സമീപം രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ അനീഷ അധ്യക്ഷയായി. പഴശ്ശി ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയരാജൻ കണിയേരി പദ്ധതി വിശദീകരിച്ചു18 മീറ്റർ നീളമുള്ള അഴീക്കൽ ബ്രാഞ്ച് കനാൽ കൂടാളി, മുണ്ടേരി ഗ്രാമപഞ്ചായത്തുകൾ, കണ്ണൂർ കോർപറേഷൻ എന്നിവയിലൂടെ കടന്നു പോകുന്നു. ആറ് ഡയറക്റ്റ് ഫീൽഡ് ബോത്തികളും 10 ഡിസ്ട്രിബ്യൂട്ടറി കനാലുകളും അഴീക്കൽ ബ്രാഞ്ച് കനാലിൽ നിന്നുണ്ട്മഴക്കാലങ്ങളിലും കനാലിലൂടെ ജലവിതരണം നടത്തുന്ന സമയങ്ങളിലും കനാലിൽ ചോർച്ച ഉണ്ടാകാറുണ്ട്. ഇത് തടയാനുള്ള ലൈനിംഗ് പ്രവൃത്തിയാണ് നടത്തുന്നത്.മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ഇടപെടലിലൂടെ ലൈനിങ് പ്രവൃത്തിയ്ക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കരാറുകാരനായ കീഴല്ലൂർ ടി രത്നാകരന് 65,77,692 രൂപയുടെ വർക്ക് ഓർഡർ നൽകി.

# ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ പുതിയ 2025 എസ്പി125 പുറത്തിറക്കുന്നു



**ഗുരുഗ്രാം:** പുതിയ എസ്പി125 പതിപ്പ് പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പുതിയ ഒബിഡി2ബി നിബന്ധനകൾ പാലിക്കുന്ന ആധുനിക സാങ്കേതിക വിദ്യകളും നവീകരിച്ച ഡിസൈനും നൂതന ഫീച്ചറുകളും ഉള്ള പുതിയ 2025 ഹോണ്ട എസ്പി125-ന്റെ തുടക്ക വില 91,771 രൂപയാണ് (ഡൽഹി എക്സ്-ഷോറൂം വില).

ഒബിഡി2ബി എസ്പി125 അവതരിപ്പിച്ചു കൊണ്ട് സംസാരിക്കവെ ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യയുടെ പ്രസിഡന്റും സിഇഒയും മാനേജിങ്ങ് ഡയറക്ടറുമായ സുസുമു ഒട്ടാനി പറഞ്ഞു, “ഒബിഡി2ബി നിബന്ധനകൾ പാലിക്കുന്ന പുതിയ എസ്പി125 അവതരിപ്പിക്കുന്നതിൽ ഞങ്ങൾ ഏറെ സന്തുഷ്ടരാണ്. എസ്പി125ന്റെ മെച്ചപ്പെടുത്തിയ ആധുനിക ഫീച്ചറുകളും ഡിസൈനും 125സിസി ഇരുചക്രവാഹന സെഗ്മെന്റിൽ പുതിയ ഒരു നിലവാരം തന്നെ സൃഷ്ടിക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഉപഭോക്താക്കളുടെ സംതൃപ്തിയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് എസ്പി125-ൽ പ്രതിഫലിക്കുന്നത്.”

യുവാക്കൾക്ക് വേണ്ടി സ്റ്റൈൽ വിപ്ലവവൽക്കരിച്ചിരിക്കുന്ന 125സിസി മോട്ടോർസൈക്കിൾ സെഗ്മെന്റിലെ പരിഷ്കരിച്ച എസ്പി125 അതിന്റെ മെച്ചപ്പെടുത്തിയ ഡിസൈനിലൂടേയും ആധുനിക കണക്റ്റിവിറ്റി ഫീച്ചറുകളിലൂടേയും അതിശക്തമായ സാന്നിദ്ധ്യമാണ് പിടിച്ചു പറ്റാൻ പോകുന്നത്. പുതിയ സമ്പൂർണ്ണ എൽഇഡി ഹെഡ് ലാമ്പ്, ടെയിൽ ലാമ്പ്, അതോടൊപ്പം അഗ്രസ്സീവായ ടാങ്ക് ഷ്രൗഡുകൾ, ക്രോം മഫ്ളർ കവർ, ആധുനിക ഗ്രാഫിക്സുകൾ തുടങ്ങിയവ ആരേയും ആകർഷിക്കുന്ന ഒന്നാക്കി ഇതിനെ മാറ്റിയിരിക്കുന്നു.

ഡ്രം, ഡിസ്ക് എന്നെ രണ്ട് വേരിയന്റുകൾ പേൾ ഇഗ്നിയസ് ബ്ലാക്ക്, മാറ്റ് ആക്സ്റ്റിസ് ഗ്രേ മെറ്റാലിക്, പേൾ സൈറൻ ബ്ലൂ, ഇമ്പീരിയൽ റെഡ് മെറ്റാലിക്, മാറ്റ് മാർവൽ ബ്ലൂ മെറ്റാലിക് എന്നീ 5 വ്യത്യസ്ത നിറങ്ങളിൽ ലഭ്യമാണ്. പുതിയ എസ്പി125-ന് ഇപ്പോൾ ബ്ലൂടൂത്ത് കണക്റ്റിവിറ്റിയോടു കൂടിയ 4.2 ഇഞ്ച് ടിഎഫ്ടി ഡിസ്പ്ലേയും ഹോണ്ട റോഡ് സിങ്ക് ആപ്പ് കംപാറ്റിബിലിറ്റിയും ഉള്ളതിനാൽ തടസ്സമില്ലാത്ത നാവിഗേഷനും സ്മാർട്ട് റൈഡിലുള്ള വോയ്സ് അസിസ്റ്റും ലഭിക്കുന്നു. അതിലുപരി യുഎസ്ബി ടൈപ്പ്-സി ചാർജിംഗ് പോർട്ട് ആധുനിക കാലത്തെ റൈഡർമാരുടെ ആവശ്യം പരിഹരിക്കുകയും ചെയ്യുന്നു.

124 സിസി, സിംഗിൾ-സിലിണ്ടർ, ഫ്യുവൽ-ഇഞ്ചക്റ്റഡ് എഞ്ചിനാണ് ഇതിന്റെ കരുത്ത്. മാത്രമല്ല, സർക്കാരിന്റെ വരാനിരിക്കുന്ന നിബന്ധനകൾ പാലിക്കുന്ന ഒബിഡി2ബി ഉണ്ട് ഇതിൽ. 8 കിലോവാട്ട് കരുത്തും 10.9 എൻഎം പരമാവധി ടോർക്കും സൃഷ്ടിക്കുന്ന ഇത് 5-സ്പീഡ് ഗിയർ ബോക്സുമായി ജോഡിയാക്കിയിരിക്കുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്ന ഐഡിലിങ്ങ് സ്റ്റോപ്പ് സിസ്റ്റവും ഇതിലുണ്ട്. ട്രാഫിക് ലൈറ്റിലും മറ്റ് ചെറിയ നിർത്തലുകളിലും എഞ്ചിൻ ഓഫ് ചെയ്തുകൊണ്ടാണ് ഇത് സാധ്യമാക്കുന്നത്.

# നിസാനും ഹോണ്ടയ്ക്കുമൊപ്പം സഹകരണത്തിന് മിറ്റ്സുബിഷിയും

**കൊച്ചി:** വാഹനനിർമാണ വിപണിയിൽ ഒരുമിച്ച് മുന്നേറാൻ നിസാനും ഹോണ്ടയും. നിസാനുമായി സഖ്യത്തിലുള്ള ജാപ്പനീസ് കമ്പനിയായ മിറ്റ്സുബിഷിയും ലയനത്തിന്റെ ഭാഗമാകും. ഇതിനായുള്ള ധാരണാപത്രത്തിൽ മൂന്നു കമ്പനികൾ ഒപ്പുവെച്ചു. കഴിഞ്ഞ ഓഗസ്റ്റിലാണ് ഹോണ്ടയും നിസാനും തമ്മിൽ ലയനത്തിന് ധാരണയായത്. ആഗോള വാഹനവിപണിയിൽ വന്നുകൊണ്ടിരിക്കുന്ന അതിവേഗ മാറ്റങ്ങളാണ് ലയനത്തിന് കാരണം. പ്രധാനമായും ഇലക്ട്രിക് വാഹനങ്ങളും ഇന്റലിജന്റ് വാഹനസാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലായിരിക്കും പുതുതായി നിലവിൽ വരുന്ന കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുക.

പരസ്പര സഹകരണത്തിലൂടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ ലഭ്യമാക്കുമെന്ന് നിസാന്റെ സിഇഒ മകോട്ടോ ഉച്ചിട പറഞ്ഞു. വാഹനവിപണിയിലെ കാലാനുസൃത മാറ്റങ്ങൾക്ക് ഈ ലയനം വേഗം കൂട്ടുമെന്ന് ഹോണ്ടയുടെ സിഇഒ ടോഷിഹിറോ മൈബെും പ്രതികരിച്ചു.

## ക്രിസ്മസ് സമ്മാനവില്പനയുമായി ഓക്സിജൻ

**കോട്ടയം:** ബംബർ ക്രിസ്മസ് സമ്മാനവുമായി ഓക്സിജനിൽ വില്പന തുടരുന്നു. 4,999 രൂപ മുതൽ സ്മാർട്ട് ഫോണുകളും, സ്മാർട്ട് എൽഇ ഡിടിവികൾ 6750 രൂപ മുതലും, 5,555 രൂപ മുതൽ വാഷിംഗ് മെഷീനുകകളും ലഭ്യമാണ്. എൽഇഡി ടിവികൾക്കൊപ്പം സൗണ്ട് ബാർ, പാർട്ടി ബോക്സ് എന്നിവ സമ്മാനമായും തെരഞ്ഞെടുക്കപ്പെട്ട റെഫ്രിജറേറ്ററുകൾക്കൊപ്പം എയർ ഫ്രയറോ മൈക്രോവേവ് ഓവനോ സൗജന്യമായും നൽകും.

ഈ സീസണിൽ മൂന്നു കോടി രൂപയുടെ ഓഫറുകളും സമ്മാനങ്ങളുമാണ് ഓക്സിജൻ നൽകിയത്. കസ്റ്റമേഴ്സിനായി 25 സ്വിഫ്റ്റ് കാറുകളും നറുക്കെടുപ്പിലൂടെ നൽകും. എച്ച്ഡിഎഫ്സി, ഫെഡറൽ ബാങ്ക് കാർഡ് കസ്റ്റമേഴ്സിന് 10 ശതമാനം വരെ കാഷ്ബാക്ക് ഓഫറുകളും ഉണ്ട്.

# മഹീന്ദ്ര ട്രാക്ടേഴ്സ് പഞ്ചാബ് നാഷണൽ ബാങ്കുമായി ധാരണാപത്രം ഒപ്പിട്ടു



**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിൻറെ ഫാം എക്യുപ്മെൻറ് സെക്ടറിൻറെ ഭാഗമായ മഹീന്ദ്ര ട്രാക്ടേഴ്സ്, തങ്ങളുടെ ഡീലർമാർക്ക് ചാനൽ ഫിനാൻസ് സൊല്യൂഷനുകൾ നൽകുന്നതിനായി പഞ്ചാബ് നാഷണൽ ബാങ്കുമായി (പിഎൻബി) ധാരണാപത്രം (എംഒയു) ഒപ്പുവച്ചു. മഹീന്ദ്ര ട്രാക്ടേഴ്സിൻറെ ചാനൽ പങ്കാളികൾക്ക് അവരുടെ വർക്കിങ് ക്യാപിറ്റൽ മാനേജ്മെൻറ് മെച്ചപ്പെടുത്തുന്നതിനും ഇൻവെൻററി കാര്യക്ഷമമാക്കുന്നതിനും ബിസിനസ് വളർച്ചയെ പിന്തുണയ്ക്കുന്നതിനും അനുയോജ്യമായ പ്രത്യേക സാമ്പത്തിക പരിഹാരങ്ങൾ കരാറിൻറെ ഭാഗമായി പിഎൻബി നൽകും.ഒരു വർഷത്തിലധികം ബിസിനസ് വിൻറേജുള്ള എല്ലാ മഹീന്ദ്ര ട്രാക്രേടഴ്സ് ഡീലർമാരും ചാനൽ ഫിനാൻസ് ലിമിറ്റിന് അർഹരായിരിക്കും. 105 ദിവസത്തെ വിൽപനയെ അടിസ്ഥാനമാക്കിയുള്ള പരിധി വിലയിരുത്തലുകളോടെ 5 കോടി വരെയുള്ള ഫിനാൻസ് ലിമിറ്റാണ് ഈ പ്രോഗ്രാം വാഗ്ദാനംചെയ്യുന്നത്.

105 ദിവസത്തെ ക്രെഡിറ്റ് കാലയളവിനൊപ്പം, 15 ദിവസത്തെ അധിക ഗ്രേസ് പിരീഡും ഡീലർമാർക്ക് ലഭിക്കും. മാർജിൻ ആവശ്യകതകളില്ലാതെ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഇൻവോയ്സിൻറെ 100% ഫണ്ടിങ്ങും ഇതോടൊപ്പം ലഭ്യമാവും. എളുപ്പത്തിലുള്ള ഡോക്യുമെൻറേഷൻ പ്രക്രിയകളിലൂടെ, കുറഞ്ഞ പലിശ നിരക്ക് വാഗ്ദാനം ചെയ്യുന്ന തരത്തിലാണ് സാമ്പത്തിക സേവനങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. ബാങ്കിൻറെ സമ്പൂർണ ഡിജിറ്റൽ എഫ്എസ്സിഎം (ഫിനാൻഷ്യൽ സപ്ലൈ ചെയിൻ മാനേജ്മെൻറ്) മൊഡ്യൂളിലായിരിക്കും സേവനങ്ങൾ ലഭ്യമാക്കുക.

തങ്ങളുടെ ഡീലർമാർക്ക് അവരുടെ അതുല്യമായ ബിസിനസ് ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന ഒരു സമഗ്ര സാമ്പത്തിക പരിഹാരം വാഗ്ദാനം ചെയ്യുന്നതിന് പഞ്ചാബ് നാഷണൽ ബാങ്കുമായി സഹകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിൻറെ ഫാം എക്യുപ്മെൻറ് സെക്ടർ പ്രസിഡൻറ് ഹേമന്ത് സിക്ക പറഞ്ഞു.

ഇഷ്ടാനുസൃതമാക്കിയ സാമ്പത്തിക പരിഹാരങ്ങൾ നൽകി, എംഎസ്എംഇ-കൃഷി മേഖലകളിലുടനീളമുള്ള ബിസിനസുകളുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത ഈ സംരംഭം അടിവരയിടുന്നുവെന്ന് പഞ്ചാബ് നാഷണൽ ബാങ്ക് മുംബൈ സോൺ ചീഫ് ജനറൽ മാനേജരും സോണൽ ഹെഡുമായ ഫിറോസ് ഹസ്നൈൻ പറഞ്ഞു.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663


RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com